GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Press Release

PR.71/2026 08.07.2026

**കർഷക ഭാരതി 2025 അവാർഡിന് അപേക്ഷ ക്ഷണിച്ചു**

തിരുവനന്തപുരം: സംസ്ഥാന കാർഷിക വികസന-കർഷക ക്ഷേമ വകുപ്പ് 2025-ലെ സംസ്ഥാന കർഷക അവാർഡുകളുടെ ഭാഗമായി മാധ്യമരംഗത്തെ മികവിന് നൽകുന്ന 'കർഷക ഭാരതി' അവാർഡിന് അപേക്ഷ ക്ഷണിച്ചു.

മലയാള ഭാഷയിലൂടെ കാർഷിക മേഖലയ്ക്ക് വിലപ്പെട്ട സംഭാവനകൾ നൽകിയ മികച്ച ഫാം ജേർണലിസ്റ്റുകളെയാണ് അവാർഡിന് പരിഗണിക്കുന്നത്. വ്യക്തികളുടെ അപേക്ഷകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ. ഗവേഷണ പ്രസിദ്ധീകരണങ്ങൾ പരിഗണിക്കില്ല.

അച്ചടി മാധ്യമം, ദൃശ്യ മാധ്യമം, നവമാധ്യമം എന്നീ മൂന്ന് വിഭാഗങ്ങളിലായാണ് കർഷക ഭാരതി അവാർഡുകൾ നൽകുന്നത്. ഓരോ വിഭാഗത്തിലും വിജയിക്കുന്നവർക്ക് ₹50,000 ക്യാഷ് അവാർഡ്, ഫലകം, സർട്ടിഫിക്കറ്റ് എന്നിവ ലഭിക്കും.

അവാർഡ് വിജ്ഞാപന തീയതി മുതൽ പിന്നോട്ടുള്ള ഒരു വർഷക്കാലയളവിലെ മാധ്യമപ്രവർത്തന മികവാണ് വിലയിരുത്തുക. അപേക്ഷാ ഫോറവും വിശദമായ മാർഗനിർദേശങ്ങളും www.keralaagriculture.gov.in എന്ന കൃഷിവകുപ്പ് വെബ്സൈറ്റിലും www.fibkerala.gov.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്.

അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി 2026 ജൂലൈ 14. അപേക്ഷകൾ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തപുരം -

695003 എന്ന വിലാസത്തിൽ അയയ്ക്കണം. കവറിന് പുറത്ത് 'കർഷക ഭാരതി അവാർഡ് 2025 – (വിഭാഗത്തിന്റെ പേര്)' എന്ന് വ്യക്തമായി രേഖപ്പെടുത്തണം.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**

# കർഷകഭാരതി 2025 അവാർഡിനായുള്ള നാമനിർദ്ദേശപത്രിക
# (അച്ചടി/ദൃശ്യം/നവമാധ്യമം)

വർഷം : (13.07.2025 മുതൽ 14.07.2026 വരെയുള്ള കാലയളവ്)

1. നാമനിർദ്ദേശകന്റെ പേരും വിലാസവും

   ഫോൺ നമ്പരും :

2. നാമനിർദ്ദേശകൻ ഏതെങ്കിലും സ്ഥാപനത്തിൽ

   ജോലി ചെയ്യുന്നുണ്ടെങ്കിൽ അതിന്റെ വിവരം :

3. കാർഷിക മേഖലയുടെ വികസനത്തിനായി

   പ്രസിദ്ധീകരിച്ചിട്ടുള്ള പേപ്പറുകൾ സംപ്രേഷണം ചെയ്തിട്ടുള്ള

   വീഡിയോകൾ, ബ്ലോഗുകൾ/വ്ലോഗുകൾ എന്നിവയുടെ എണ്ണം :

4. പ്രസിദ്ധീകരിച്ചിട്ടുള്ള ലേഖനങ്ങൾ (ഒറിജിനൽ പകർപ്പ്)

   സംപ്രേഷണം ചെയ്തിട്ടുള്ള വീഡിയോ, ബ്ലോഗുകൾ/വ്ലോഗുകൾ

   (പെൻഡ്രൈവിൽ) എന്നിവയുടെ വിശദാംശങ്ങൾ :

സ്ഥലം :
തീയതി : ഒപ്പ്

കുറിപ്പ് :

ദൃശ്യമാധ്യമങ്ങളിൽ സംപ്രേഷണം ചെയ്ത പരിപാടികളുടെ ടെലികാസ്റ്റ് സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണ്.

അപേക്ഷ അയക്കേണ്ട മേൽവിലാസം : പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ
ഫാം ഇൻഫർമേഷൻ ബ്യൂറോ
കവടിയാർ, തിരുവനന്തപുരം-3